ദേശാഭിമാനി 06 May 2017

# മത്സ്യക്ഷാമ പാക്കേജ് പ്രഖ്യാപിക്കണം: മത്സ്യത്തൊഴിലാളി ഐക്യവേദി

**കൊച്ചി** > കഴിഞ്ഞവർഷങ്ങളിൽ മത്സ്യലഭ്യതയിലുണ്ടായ ഗണ്യമായ കുറവു പരിഗണിച്ച് മത്സ്യക്ഷാമ പാക്കേജ് പ്രഖ്യാപിക്കണമെന്ന് മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന മത്സ്യത്തൊഴിലാളി-മത്സ്യകർഷക സംഗമത്തിൽ കേന്ദ്ര കൃഷിസഹമന്ത്രി സുദർശൻ ഭഗതുമായി നടന്ന ചർച്ചയിലാണ് മത്സ്യത്തൊഴിലാളികൾ ഈ ആവശ്യം ഉന്നയിച്ചത്.

2012നുശേഷം കേരളത്തിൽ മത്സ്യലഭ്യതയിൽ വൻ ഇടിവാണ് സംഭവിച്ചത്. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ലാഭമായിരുന്ന മത്തിയുടെ വൻതോതിലുള്ള കുറവ് മേഖലയിൽ ദുരിതംവിതച്ചു. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഏകദേശം 10,000 കോടിയുടെ നഷ്ടം സംഭവിച്ചതായാണ് പഠനങ്ങളിലുള്ളത്. ഇതുമൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് മത്സ്യക്ഷാമ പാക്കേജ് വേണമെന്ന് മത്സ്യത്തൊഴിലാളി ഐക്യവേദി സംസ്ഥാന പ്രസിഡന്റ് ചാൾസ് ജോർജ് പറഞ്ഞു. മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്രത്തിൽ പ്രത്യേക മന്ത്രാലയം രൂപീകരിക്കണമെന്നും ചർച്ചയിൽ തൊഴിലാളികൾ ആവശ്യം ഉന്നയിച്ചു.

പെരിയാർ മലിനീകരണം തടഞ്ഞ് കൃഷിയോഗ്യമാക്കുന്നതിന് പദ്ധതികൾ വേണമെന്ന് മത്സ്യകർഷക പ്രതിനിധികൾ ആവശ്യപ്പെട്ടു. പ്രധാനമന്ത്രിയുടെ മുദ്രാ വായ്പാപദ്ധതിക്കുകീഴിൽ കൂടുമത്സ്യക്കൃഷി സംരംഭങ്ങളെയും ഉൾപ്പെടുത്തണമെന്ന് ചേറ്റുവയിൽനിന്നുള്ള മത്സ്യകർഷകൻ രാജീവ് പറഞ്ഞു. കായലുകളിൽ വൻതോതിൽ കൂടുകൃഷി നടത്തുന്നതിന് അനുമതി വേണം. ഇതിനായി കേന്ദ്രസർക്കാർ കൂടുമത്സ്യക്കൃഷി നയം രൂപീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. മറ്റ് കാർഷികവിളകൾക്ക് നിലവിലുള്ളതുപോലെ കൂടുമത്സ്യക്കൃഷിക്കും ഇൻഷുറൻസ് പരിരക്ഷ വേണമെന്ന് കർഷകർ ആവശ്യപ്പെട്ടു. വൈപ്പിൻകരയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വതന്ത്രമായി ഹാർബർ വേണമെന്നും ചർച്ചയിൽ ആവശ്യം ഉയർന്നു. വല്ലാർപാടത്ത് എൽഎൻജി ടെർമിനൽ വന്നതോടെ മീൻപിടിത്തം നിരോധിച്ചിരിക്കുകയാണെന്നും ചിലർ ചൂണ്ടിക്കാട്ടി.

മത്സ്യത്തൊഴിലാളികളുടെയും കർഷകരുടെയും ആവശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചു. സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിറവേറ്റുന്നതിന് കേരള സർക്കാരിനോട് ആവശ്യപ്പെടുമെന്നും ഉറപ്പുനൽകി. പെരിയാർ മലിനീകരണമടക്കം മത്സ്യത്തൊഴിലാളികളും മത്സ്യകർഷകരും നേരിടുന്ന പ്രശ്നങ്ങൾ വിശദമായി വിലയിരുത്തുന്നതിന് സിഎംഎഫ്ആർഐയിൽ യോഗം വിളിച്ചുചേർക്കുമെന്നും മന്ത്രി പറഞ്ഞു.

കൂടുമത്സ്യക്കൃഷി ജനകീയമാക്കുന്നതിന് ദേശീയതലത്തിൽ മാരികൾച്ചർ നയം രൂപപ്പെടുത്തുന്നതിന് സിഎംഎഫ്ആർഐ പ്രവർത്തിച്ചുവരികയാണെന്ന് ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു.